**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും പുനരധിവാസവും വകുപ്പ് - ബിൽഡിംഗ് സെസ് കണക്കാക്കുന്നതിനും പിരിക്കുന്നതിനുമുള്ള സമ്പ്രദായം പരിഷക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

--------------------------------------------------------------------------------------

**തൊഴിലും പുനരധിവാസവും (ജെ) വകുപ്പ്**

സ.ഉ. (സാധാ.) നം. 2325/04/തൊഴിൽ. തീയതി,
തിരുവനന്തപുരം, 1/9/2004

--------------------------------------------------------------------------------------

പരാമർശം :- ലേബർ കമ്മീഷണറുടെ 15/3/04-ലെ പി (1) 18420/99 നംപർ കത്ത്

<u>ഉ ത്ത ര വ്</u>

നിലവിലുള്ള ബിൽഡിംഗ് സെസ് പിരിക്കുന്ന സമ്പ്രദായം കാര്യക്ഷമമായി പരിഷ്ക്കരിക്കുന്നതിനും സെസ് അസസ്സ് ചെയ്യുന്ന രീതിയിൽ എന്തെങ്കിലും പരിഷ്ക്കാരം വരുത്തേണ്ടതുണ്ടോയെന്ന കാര്യം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി അഡീഷണൽ ലേബർ കമ്മീഷണർ (ഇ) ചെയർമാനായും, ജോയിന്റ് ലേബർ കമ്മീഷണർ (പി), ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ഹെഡ് ക്വാർട്ടേഴ്സ്), സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ഈ കമ്മിറ്റി നിലവിലുള്ള സെസ്സ് പിരിക്കുന്ന സമ്പ്രദായം വിശദമായി പരിശോധിച്ച്, ഇതു സംബന്ധിച്ച് പ്രയാസങ്ങൾ ഏതു തരത്തിൽ മാറ്റാൻ കഴിയുമെന്ന് നിർദ്ദേശിക്കണ്ടതും നിലവിലുള്ള സെസ്സ് അസസ്മെന്റിന്റെ മാനദണ്ഡം പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

3. കമ്മറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് മൂന്ന് ആഴ്ചക്കുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. മോഹനൻ
അഡീഷണൽ സെക്രട്ടറി

1. ലേബർ കമ്മീഷണർ, തിരുവനന്തപുരം
2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ) )
3. ജോയിന്റ് ലേബർ കമ്മീഷണർ (പി) ) ലേബർ കമ്മീഷണർ മുഖേന
4. ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ഹെഡ് ക്വാർട്ടേഴ്സ് )
5. സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്, തിരുവനന്തപുരം

6. പി.ആർ.ഡി (വെബ് പോർട്ടൽ)
7. സംഭരണ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ